LSGD-EPA3/117/2020-LSGD

സ.ഉ.(സാധാ) നം.2787/2022/LSGD

സ.ഉ.(സാധാ) നം.2787/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരിക്കെ മരണപ്പെട്ട ലക്ഷ്മിദേവി.ടിയുടെ ചികിത്സയ്ക്ക് പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയിൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പൂർവ്വകാല അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2787/2022/LSGD തീയതി,തിരുവനന്തപുരം. 11-11-2022

പരാമർശം:-
1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. ലക്ഷ്മിദേവി.ടിയുടെ 30.03.2019-ലെ അപേക്ഷയും ബില്ലുകളും.
3. പഞ്ചായത്ത് ഡയറക്ടറുടെ 15.02.2022- ലെ PAN/15292/2019- F2(DP) നമ്പർ കത്ത്.
4. അമരമ്പലം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 04.05.2019-ലെ 7/1-ാം നമ്പർ തീരുമാനം.
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 27.01.2022-ലെ (എൽ.ഡിസ്) എം. ആർ 3-42907/2021 /ആ.വ.ഡ നം. കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ അമരമ്പലം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായിരിക്കെ മരണപ്പെട്ട ലക്ഷ്മിദേവി.ടിയുടെ ചികിത്സയ്ക്ക് പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയിൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ ആശുപത്രിയിൽ നേരിട്ട ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർ ശം (5) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് നേരിട്ട ചികിൽസാ ചെലവിൽ 1,80,745/- രൂപയുടെ 80% ആയ 1,44,596/- (ഒരു ലക്ഷത്തി നാൽപത്തിനാലായിരത്തി അഞ്ചൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം) അപേക്ഷകയ്ക്ക് മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തു. മേൽ തുക അമരമ്പലം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.